(എ) കുറുവിലങ്ങാട് സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിന് കുറുവിലങ്ങാട് ഗ്രാമപഞ്ചായത്തുവക സ്ഥലം വിട്ടു നൽകുന്നതിന് സമർപ്പിച്ച് നിവേദനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ അറിയിക്കാമോ ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ ; പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ ; ഇതിന്റെ ഫയൽ നമ്പർ അറിയിക്കാമോ ?

ഉത്തരം

(എ&ബി) കുറുവിലങ്ങാട് സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുവക സ്ഥലം വിട്ടുനൽകുന്നതിനായുള്ള അപേക്ഷ ഗ്രാമപഞ്ചായത്ത് കോട്ടയം ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ആയത് പരിഹരിച്ച് പ്രൊപ്പോസൽ പുനർസമർപ്പിക്കുന്നതിനായി തിരികെ ഗ്രാമപഞ്ചായത്തിന് നൽകുകയുണ്ടായി. അപാകതകൾ പരിഹരിച്ച് അപേക്ഷ പുനഃസമർപ്പിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഫയൽ നമ്പർ ജി1/3875/15.

പെരുവ ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്ഥലം

145 (2778) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവ ഗവ.ഐ.ടി.ഐ.-ക്ക് മുളക്കുളം പഞ്ചായത്തുവക സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ തദ്ദേശ സ്വയംഭരണവകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നത് സംബന്ധിച്ച കാലതാമസം വ്യക്തമാക്കുമോ ; പ്രസ്തുത ഫയലിൽ തീരുമാനം വൈകുന്നതിന്റെ അടിസ്ഥാനത്തിൽ ഐ.ടി.ഐ.-ക്ക് ഈ വർഷം കോഴ്സുകൾ ആരംഭിക്കാതെ പ്രവർത്തനം നിർത്തി വച്ചിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ഫയൽ നമ്പർ 80998/ആർ.ഐ4/2014-ൽ തീരുമാനമെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 12-6-2015-ലെ സ.ഉ.(സാധാ)1767/15/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം മുളക്കുളം പഞ്ചായത്തിൽ സർവ്വേ നമ്പർ 275(എ)1/1-ൽപ്പെട്ട ഒരേക്കർ സ്ഥലം പെരുവ ഗവ. ഐ.ടി.ഐ. നിർമ്മിക്കുന്നതിന് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം

146 (2779) ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച് വിശദമാക്കാമോ ;

(സി) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻമാത്രം ഉണ്ടാകുന്ന ബാദ്ധ്യത സംബന്ധിച്ച് വ്യക്തമാക്കാമോ ;

(ഡി) പുതിയ തദ്ദേശസ്ഥാപനങ്ങളുടെ വിഭജന പ്രക്രിയ ഏത് ഘട്ടം വരെയായി എന്നും എന്നുമുതൽ നിലവിൽവരും എന്നത് സംബന്ധിച്ചും വിശദമാക്കാമോ ;

(ഇ) പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണത്തിലെ അശാസ്ത്രീയതയെ കുറിച്ചുള്ള പരാതി പരിഹരിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ (ബ്ലോക്ക് പഞ്ചായത്തുകളൊഴികെയുള്ളവയുടെ) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി&സി) കണക്കാക്കിയിട്ടില്ല.

(ഡി) പുതിയ തദ്ദേശസ്ഥാപനങ്ങളുടെ (ബ്ലോക്ക് പഞ്ചായത്തുകൾ ഒഴികെ) വിഭജനം പൂർത്തിയാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ 1-11-2015-ന് നിലവിൽവരും. ബ്ലോക്ക് പഞ്ചായത്തുകൾ പുനഃക്രമീകരിക്കുന്നതിനുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.